**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1281** **19-06-2024 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലുവ-മൂന്നാർ റോഡ് പുനർനിർമ്മാണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കിഫ്ബി പദ്ധതിയുടെ കീഴിൽ ആലുവ – മൂന്നാർ സംസ്ഥാന പാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് 10 കോടി രൂപയ്ക്ക് ഭരണാനുമതിയും സ്ഥലമേറ്റെടുപ്പിനായി 653.06 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ആലുവ പുളിഞ്ചോട് ജംഗ്ഷനിൽ നിന്നാരംഭിച്ച് പവർഹൗസ് ലൂപ്പ് റോഡ് വഴി ആലുവ എസ്.പി. ഓഫീസ് വരെ 1.676 കി.മീ. ദൂരത്തിലും തുടർന്ന് എസ്.പി. ഓഫീസ് മുതൽ കോതമംഗലം ബൈപ്പാസ് വരെ 35.53 കി.മീ. ദൂരത്തിലുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി റവന്യൂ ബി ഓർഡർ ലഭിക്കുകയും 6(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും ലാൻഡ് അക്വിസിഷൻ ഓഫീസറായി Special Tahsildar, KIIFB Unit 2, Angamaly യെ നിയമിച്ചിട്ടുള്ളതുമാണ്. നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി അവസാന ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കിഫ്ബി പദ്ധതിയുടെ കീഴിൽ ആലുവ – മൂന്നാർ സംസ്ഥാന പാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് 10 കോടി രൂപയ്ക്ക് ഭരണാനുമതിയും സ്ഥലമേറ്റെടുപ്പിനായി 653.06 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ആലുവ പുളിഞ്ചോട് ജംഗ്ഷനിൽ നിന്നാരംഭിച്ച് പവർഹൗസ് ലൂപ്പ് റോഡ് വഴി ആലുവ എസ്.പി. ഓഫീസ് വരെ 1.676 കി.മീ. ദൂരത്തിലും തുടർന്ന് എസ്.പി. ഓഫീസ് മുതൽ കോതമംഗലം ബൈപ്പാസ് വരെ 35.53 കി.മീ. ദൂരത്തിലുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി റവന്യൂ ബി ഓർഡർ ലഭിക്കുകയും 6(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും ലാൻഡ് അക്വിസിഷൻ ഓഫീസറായി Special Tahsildar, KIIFB Unit 2, Angamaly യെ |

| | | | |
|---|---|---|---|
| | | | നിയമിച്ചിട്ടുള്ളതുമാണ്. നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ